(ബി) പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് അവയിൻമേൽ ഒരു നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് ആവശ്യമുണ്ടെന്നു തോന്നുന്ന വ്യക്തികളെ നേരിൽകേട്ട് ലിസ്റ്റ് ഫൈനലാക്കുന്നു.

(സി) വ്യവസ്ഥകൾക്കു വിരുദ്ധമായി സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം നിർണ്ണയിച്ചിട്ടില്ല.

(ഡി) യോഗ്യതയും സീനിയോറിറ്റി ചട്ടങ്ങളും ലംഘിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) ബാധകമല്ല.

ഭൂനികുതി

51 (860) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു ഹെക്ടർ ഭൂമിക്ക് മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിലും മുനിസിപ്പാലിറ്റികളുടെ അതിർത്തിക്കുള്ളിലും ടൗൺ പഞ്ചായത്തുകളുടെയും ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തിക്കുള്ളിലും നിലവിലിരുന്ന ഭൂനികുതി എത്ര ;

(ബി) ഇപ്പോൾ ഈ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലും നിലവിലുള്ള ഭൂനികുതി എത്രവീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോഴുള്ള പ്ലാന്റേഷൻ ടാക്സിന്റെ തോത് എന്തായിരുന്നു ;

(ഡി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോത് എത്രയാണ് ?

ഉത്തരം

(എ) കേരളഫിനാൻസ് ആക്ട് 1993 (1993-ലെ ആക്ട് 13) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 50 പൈസയും, ടൗൺഷിപ്പ്/മുനിസിപ്പൽ പ്രദേശത്ത് ഒരു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് രണ്ടു രൂപയും നിരക്കിൽ ആർ ഒന്നിന് ഭൂനികുതി ഈടാക്കി വന്നിരുന്നു.

(ബി) ഒരു ആറിന് യഥാക്രമം ഗ്രാമപഞ്ചായത്തിൽ ഒരു രൂപയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് രണ്ടു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് നാലു രൂപയും ഈടാക്കിവരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള തോട്ട നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

1. ഒരാളിന്റെ കൈവശത്തിലുള്ള തെങ്ങ്, കമുക് ഒഴികെയുള്ള രണ്ട് ഹെക്ടർ വരെയുള്ള തോട്ടങ്ങളെയും, 4 ഹെക്ടർ വരെയുള്ള തെങ്ങ്, കമുക് തോട്ടങ്ങളെയും തോട്ടനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. 2 ഹെക്ടർ മുതൽ 4 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിനുമുകളിൽ വരുന്ന ഓരോ ഹെക്ടറിനും 150 രൂപ വീതം.

3. 4 ഹെക്ടർ മുതൽ 8 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനും 150 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 150 രൂപ.

4. 8 ഹെക്ടർ മുതൽ 15 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 200 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 200 രൂപ.

5. 15 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 250 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 250 രൂപ.

6. 25 ഹെക്ടറിൽ കൂടുതലുള്ള തോട്ടങ്ങൾക്ക് (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 350 രൂപ.

7. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 350 രൂപ.

(ഡി) ഇപ്പോൾ നിലവിലുള്ളത് 1987 -ലെ നിരക്കു തന്നെയാണ്.

പ്ലാന്റേഷൻ ടാക്സ്

52 (861) ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോതെത്രയായിരുന്നു ;

(ബി) അന്ന് പ്ലാന്റേഷൻ ടാക്സിനത്തിൽ എന്തു തുക കിട്ടിയിരുന്നു ;

(സി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോതെത്രയാണ് ;

(ഡി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സ് ഇനത്തിലുള്ള പിരിവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന പ്ലാന്റേഷൻ ടാക്സിന്റെ തോത് താഴെകൊടുക്കുന്നു.

1. ഒരാളിന്റെ കൈവശമുള്ള (തെങ്ങ്, കമുക് ഇവ ഒഴിവാക്കികൊണ്ട്) 2 ഹെക്ടർ വരെയുള്ള തോട്ടങ്ങളെയും, 4 ഹെക്ടർ കവിയാതെയുള്ള തെങ്ങ്/കമുക് തോട്ടങ്ങളെയും തോട്ട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly